No. CEE/4900/2015/KEAM-2016/TA1


കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

# KEAM-2016

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭ്യമായ അലോട്ട്മെന്റും, അഡ്മിഷനും റദ്ദ് ചെയ്യുന്നതിനുള്ള സൗകര്യം

2016-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റിന്റെ രണ്ടാം ഘട്ടത്തിനുശേഷം അലോട്ട്മെന്റ് ലഭിച്ച എല്ലാ വദ്യാർത്ഥികളും അതത് കോഴ്സിൽ/ കോളേജിൽ പ്രവേശനം നേടുന്നതിന് 2016 ജൂലൈ 16 ഉച്ചയ്ക്ക് 1 മണി വരെ സമയം അനുവദിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും, നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദായിട്ടുണ്ട്. ഇതിനോടകം കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സിൽ/കോളേജിൽ പഠനം തുടരുന്നതിന് താൽപര്യമില്ലാത്തതുകൊണ്ടോ, മറ്റു കാരണങ്ങളാലോ അഡ്മിഷൻ റദ്ദ് ചെയ്യണമെന്നുണ്ടെങ്കിൽ അവർക്ക് പ്രവേശനം നേടിയ കോളേജുകളിൽ നിന്നും ടി.സി വാങ്ങാവുന്നതാണ്. ഇങ്ങനെ അഡ്മിഷൻ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളുടെ നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. കൂടാതെ ഇവരെ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിലവിലെ കോഴ്സുകളിലേയ്ക്കോ, കോളേജുകളിലേയ്ക്കോ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. അഡ്മിഷൻ റദ്ദ് ചെയ്യുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്പപ്പോൾ കോളേജ് അധികൃതർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) വഴി പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. അഡ്മിഷൻ റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ സർക്കാർ സീറ്റുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ റദ്ദ് ചെയ്ത് കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പിൻവാങ്ങുന്നതിന് 2016 ജൂലൈ 19 ന് ഉച്ചയ്ക്ക് 1 മണിവരെ മാത്രമാണ് സമയം അനുവദിച്ചിട്ടുള്ളത്. കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് 2016 ജൂലൈ 20 ന് പ്രസിദ്ധീകരിക്കുന്ന മൂന്നാം അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിയ്ക്കുന്ന പക്ഷം അവർ നിശ്ചയമായും പ്രസ്തുത കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (c) പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമാകുന്നതാണ്. കൂടാതെ ഇവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് ക്ലോസ് 12.2.3 പ്രകാരം തിരികെ നൽകുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101**, **2339102**, **2339103**, **2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.07.2016